## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2713** **02/04/2013 ൽ മറുപടിക്ക്**

### ഐ.ടി. അറ്റ് സ്കൂൾ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | 2001-ൽ രൂപീകൃതമായ ഐ.ടി. അറ്റ് സ്കൂൾ പ്രവർത്തനം കഴിഞ്ഞ ഒരു വർഷമായി അവതാളത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ; | എ) | ഇല്ല |
| ബി) | ഇതു കാരണം 2012-13 അക്കാദമിക് വർഷം സംസ്ഥാനത്തെ സ്കൂളുകളിൽ എട്ട്, ഒൻപത് ക്ലാസ്സുകളിലെ ഐ.ടി. പരീക്ഷ അനിശ്ചിതത്വത്തിലായിയെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ | ബി) | ഇല്ല |
| സി) | ഇതുകാരണം കാലാകാലങ്ങളായി നല്ല രീതിയിൽ നടന്നുവരുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഭാഗമായ ഐ.ടി. പരീക്ഷ 90 ശതമാനം സ്കൂളുകളിലും 2012-13 അക്കാദമിക് വർഷം ആദ്യദിനത്തിൽ തന്നെ മുടങ്ങിയതായി മനസിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ഇല്ല. 2012-13 ലെ SSLC IT പരീക്ഷ മുൻവർഷങ്ങളെക്കാൾ കുറ്റമറ്റ രീതിയിൽ നടത്തിതീർത്തിട്ടുണ്ട്. SSLC എഴുത്തു പരീക്ഷ ആരംഭിക്കുന്നതിന് മുമ്പ് തന്നെ പരീക്ഷ ഭവനിൽ ഐ.റ്റി യുടെ സ്കോർ ഉൾപ്പെടെ ഓൺ ലൈനായി ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | ലക്ഷക്കണക്കിന് രൂപ പൊതുഖജനാവിൽ നിന്ന് ചെലവഴിച്ച 'സമ്പൂർണ്ണ' എന്ന സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ 2012-13 അദ്ധ്യായന വർഷം വേണ്ടരീതിയിൽ നടപ്പാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ; | ഡി) | മതിയായ രീതിയിൽ നടപ്പാക്കിയിട്ടുണ്ട് |
| ഇ) | ഐ.ടി. അറ്റ് സ്കൂളിൽ ഇപ്പോൾ നടക്കുന്ന പുതിയ നിയമനങ്ങൾ എല്ലാം ഒരു മാനദണ്ഡവും പാലിക്കാതെയാണ് | ഇ) | മാനദണ്ഡം പാലിച്ചുകൊണ്ടുതന്നെയാണ് നിയമനങ്ങൾ നടത്തുന്നത്. |

നടക്കുന്നതെന്ന വ്യാപക ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

എഫ്) ഈ സർക്കാർ വന്നതിനു ശേഷം ഇപ്രകാരം ഗൗരവമായ വീഴ്ചകളിലേക്ക് കൂപ്പുകുത്തുന്ന ഐ.ടി. അറ്റ് സ്കൂളിനെ 2013-14 അദ്ധ്യായനവർഷം ശരിയായ ദിശയിലേയ്ക്ക് എത്തിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ

എഫ്) ഐടി @ സ്കൂൾ പ്രോജക്ടിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിലാണ് നടക്കുന്നത്. 2013-14 അധ്യയന വർഷം സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി, കുട്ടികൾക്ക് ടാബ്ലറ്റ് കമ്പ്യൂട്ടർ സ്മാർട്ട് ക്ലാസ് റൂം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിന് ശരിയായ ആസൂത്രണവും മോണിറ്ററിംഗും നടത്തുന്നുണ്ട്.

Usaine Aseer (signature)

സെക്ഷൻ ഓഫീസർ.